**കേരള നിയമസഭ**
**17.06.2013-ലെ മറുപടിക്ക്**

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 17, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| മുഖ്യമന്ത്രി |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |

ആധാർ നമ്പറിന്റെ ആവശ്യകത

*T.151

ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടിയാണ് ആധാർ നമ്പർ നിർബന്ധമാക്കിയിട്ടുളളത് എന്നറിയിക്കുമോ;

(ബി) ആധാർ നമ്പർ നൽകുന്നത് ഏത് വ്യവസ്ഥപ്രകാരമാണ്;

(സി) പ്രസ്തുത വ്യവസ്ഥകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ആധാർ നമ്പർ രേഖപ്പെടുത്താതെ ആനുകൂല്യങ്ങൾക്കുവേണ്ടി അപേക്ഷ നൽകുമ്പോൾ അവ നിരസിക്കപ്പെടുന്നതായുളള സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

ആരാധനാലങ്ങൾ വർഗീയ സംഘടനകൾ ദുർവിനിയോഗം ചെയ്യുന്നതിനെതിരെ നടപടി

*152 ശ്രീ. കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, കോടിയേരി ബാലകൃഷ്ണൻ
,, എ. പ്രദീപ് കുമാർ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യത്യസ്ത ആരാധനാലയങ്ങൾ വിവിധ വർഗീയ സംഘടനകളുടെ അധീനതയിൽ അകപ്പെട്ടിരിക്കുന്നതും, ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള സ്ഥലങ്ങൾ, ഇത്തരം സംഘടനകൾ പരിശീലനത്തിനും പണപ്പിരിവിനും മറ്റുമായി ദുർവിനിയോഗം ചെയ്തു വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർക്കാരിന് ലഭ്യമായ വിവരങ്ങൾ വെളിപ്പെടുത്താമോ; ആപൽക്കരമായ ഇത്തരം പ്രവർത്തനങ്ങൾ ഇന്റലിജൻസ് വിഭാഗം ചൂണ്ടിക്കാട്ടുകയുണ്ടായോ;

(സി) ആരാധനാലയങ്ങൾ വർഗീയ സംഘടനകൾ ദുർവിനിയോഗം ചെയ്യാതിരിക്കാൻ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ഡി) മതസ്ഥാപനങ്ങൾ ദുരുപയോഗം തടയൽ നിയമമനുസരിച്ച് ഈ സർക്കാർ ഏതെങ്കിലും ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും വർഗീയ-തീവ്രവാദ സംഘടനകൾക്കെതിരെ കേസെടുക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>മത്സ്യ കൃഷി</u>

*153 ശ്രീ. കെ. രാജു
,, പി. തിലോത്തമന്‍
,, ജി. എസ്. ജയലാല്‍
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഉള്‍നാടന്‍ ജലാശയങ്ങളില്‍ എത്ര ശതമാനം മത്സ്യ കൃഷിക്കായി ഉപയോഗിക്കുന്നുണ്ട്, ഈ ജലാശയങ്ങളെ മുഴുവനായി മത്സ്യ കൃഷിക്ക് ഉപയോഗിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) മറ്റേതെല്ലാം സംസ്ഥാനങ്ങളില്‍ നിന്നും ഇപ്പോള്‍ മത്സ്യ വിത്തുകള്‍ സംഭരിക്കുന്നുണ്ട്, ഗുണമേന്മയുള്ള മത്സ്യ വിത്തുകള്‍ സംസ്ഥാനത്തു തന്നെ ഉത്പാദിപ്പിക്കുന്നതിന് എന്തെങ്കിലുംനടപടികളുണ്ടോ, ഉണ്ടെങ്കില്‍ വിശദമാക്കുമോ;

(സി) ഡാമുകളില്‍ മത്സ്യ കൃഷി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ, ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ മത്സ്യ ഉപഭോഗത്തില്‍ സ്വയം പര്യാപ്തത നേടുന്നതിന് ആവശ്യമായ എന്തെങ്കിലും പദ്ധതികളുണ്ടോ, ഉണ്ടെങ്കില്‍ വിശദമാക്കുമോ?

**കേരള നിയമസഭ**
**17.06.2013-ലെ മറുപടിക്ക്**

<u>മത്സ്യബന്ധന ഏരിയയിൽ കടന്നു കയറി</u>
<u>അപകടങ്ങളുണ്ടാക്കിയ സംഭവം</u>

*154 ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികളുടെ മത്സ്യബന്ധന ഏരിയയായി പ്രഖ്യാപിച്ചിട്ടുള്ള ദൂരം എത്രയാണ്;

(സി) പ്രസ്തുത ഏരിയയിൽ കടന്നുകയറി അപകടങ്ങളുണ്ടാക്കിയ സംഭവങ്ങളുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം കടന്നുകയറ്റങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കേരള നിയമസഭ**
**17.06.2013-ലെ മറുപടിക്ക്**

<u>സര്‍ക്കാര്‍ ഭൂമിയിലെ  വന്‍മരങ്ങള്‍</u>

*155 ശ്രീ. കെ. എന്‍. എ. ഖാദര്‍
,, എം. ഉമ്മര്‍
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഭൂമിയില്‍ നില്ക്കുന്ന വന്‍മരങ്ങളുടെ ആയുര്‍ ദൈര്‍ഘ്യം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) സര്‍ക്കാര്‍ ഭൂമിയിലെ വന്‍മരങ്ങളില്‍ പരമാവധി ആയുസ്സെത്തിയവയെ സംബന്ധിച്ച വിവരശേഖരണം നടത്തി അവയെ സ്വാഭാവിക നാശത്തിന് അനുവദിക്കാതെ പൊതു ഖജനാവിലേയ്ക്ക് മുതല്‍ കൂട്ടുവാന്‍ നടപടി സ്വീകരിക്കാറുണ്ടോ;

(സി) ഇല്ലെങ്കില്‍ സ്വാഭാവിക പ്രായപരിധി കഴിഞ്ഞവയെ അവ മറിഞ്ഞു വീണാലുണ്ടാകാവുന്ന അപകടങ്ങളും നാശനഷ്ടവും കണക്കിലെടുത്ത് ലേലം ചെയ്ത് മുതല്‍ക്കൂട്ടുന്നതിനും പകരം 1:10 എന്ന അനുപാതത്തില്‍ പുതിയ മരങ്ങള്‍ വച്ചു പിടിപ്പിക്കുന്നതിനും ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളെ മികവിന്റെ കേന്ദ്രമാക്കാൻ നടപടി</u>

*156 ശ്രീ. കെ. മുരളീധരൻ
,, എം. എ. വാഹീദ്
,, റ്റി. എൻ. പ്രതാപൻ
,, ഐ.സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം പ്രാബല്യത്തിൽ വരുന്നതിനുള്ള ചട്ടങ്ങൾ</u>

*157 ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി. കെ നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം പ്രാബല്യത്തിൽ വരുന്നതിനുള്ള എല്ലാ ചട്ടങ്ങളും പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുണ്ടോ;

(ബി) ഓരോ വകുപ്പും നൽകുന്ന സേവനങ്ങൾ ഓരോ സേവനത്തിനും എടുക്കുന്ന പരമാവധി സമയപരിധി എന്നിവ ആറുമാസത്തിനകം വിജ്ഞാപനം ചെയ്യണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ലാത്ത വകുപ്പുകൾ ഏതൊക്കെയാണ്;

(സി) സേവനാവകാശ നിയമം സംബന്ധിച്ച നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം എല്ലാ ഓഫീസുകളിലും നിർദ്ദേശങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിയമം നടപ്പിലാക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥതലത്തിലെ മെല്ലെപ്പോക്ക് അവസാനിപ്പിക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവര്‍ത്തനം</u>

*158 ശ്രീ. വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, എന്‍. എ. നെല്ലിക്കുന്ന്
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തീരദേശ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവര്‍ത്തനം കൂടുതല്‍ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്;

(ബി) ഇതുമായി ബന്ധപ്പെട്ട് കൂടുതല്‍ പോലീസ് സ്റ്റേഷനുകള്‍ ആരംഭിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ എവിടെയെല്ലാം;

(സി) തീര സുരക്ഷ കുറ്റമറ്റതാക്കുന്നതിന് തീരദേശ വാസികളും പോലീസും തമ്മിലുള്ള ഏകോപനത്തിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>ഭരണഭാഷ പൂർണ്ണമായും മലയാളമാക്കാൻ നടപടി</u>

*159 ശ്രീ. എസ്. രാജേന്ദ്രൻ
,, എം.എ. ബേബി
,, പുരുഷൻ കടലുണ്ടി
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ പൂർണ്ണമായും മലയാളമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; നിലവിലുള്ള സ്ഥിതി വിലയിരുത്തുകയുണ്ടായോ;

(ബി) ഭരണരംഗത്ത് മലയാളഭാഷ ഏർപ്പെടുത്തുന്നതിന് തടസ്സമായി നില്ക്കുന്ന മുഖ്യഘടകങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>ഹരിത ദേശീയ ഗെയിംസ്</u>

*160 ശ്രീ. ജോസഫ് വാഴക്കൻ
'' ബെന്നി ബെഹനാൻ
'' റ്റി. എൻ. പ്രതാപൻ
'' വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദ്യ ഹരിത ദേശീയ ഗെയിംസ് എന്ന നിലയിൽ സംഘടിപ്പിക്കുന്ന 35-ാമത് ദേശീയ ഗെയിംസ് ആതിഥ്യം വഹിക്കുന്നതിന് എന്തെല്ലാം തയ്യാറെടുപ്പുകൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ദേശീയ ഗെയിംസ് വേദികൾ എവിടെയൊക്കെയാണ് തയ്യാറാക്കിയിട്ടുള്ളത്;

(സി) ഇതിന് എത്ര ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നു വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ തൊഴിൽപരമായ പ്രശ്നങ്ങൾ</u>

*161 ശ്രീ. പി.കെ. ഗുരുദാസൻ
,, കെ. ദാസൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ തൊഴിൽപരമായ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ രൂപീകരിക്കുമെന്ന് സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം കമ്മീഷൻ രൂപീകരിച്ചോ എന്ന് വ്യക്തമാക്കാമോ;

(ബി) കമ്മീഷൻ അംഗങ്ങൾ ആരെല്ലാമാണ്; സാങ്കേതിക വിദഗ്ദ്ധരെ പ്രസ്തുത കമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെന്ന് വ്യക്തമാക്കുമോ;

(സി) 60 നോട്ടിക്കൽ മൈൽവരെയുള്ള ഉൾക്കടലിൽ മത്സ്യബന്ധനത്തിന് പോകാനുള്ള തൊഴിലാളികളുടെ അവകാശം സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) വാണിജ്യകപ്പലുകൾക്കുള്ള കപ്പൽപാത എത്ര നോട്ടിക്കൽ മൈലിന് പുറത്താണെന്ന് വ്യക്തമാക്കുമോ; ഈ വ്യവസ്ഥ കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) മത്സ്യത്തൊഴിലാളികൾക്ക് കടലിൽനിന്നും കരയിലേയ്ക്കുള്ള വാർത്താവിനിമയ ബന്ധങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**17.06.2013-ലെ മറുപടിക്ക്**

<u>ജൈവ വൈവിധ്യം</u>

*162 ശ്രീ. അൻവർ സാദത്ത്
,, വി.റ്റി. ബൽറാം
'' സണ്ണി ജോസഫ്
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനത്തിന് പുറത്തുള്ള ഗാർഹിക പുരയിടങ്ങളിലെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>'ഓപ്പറേഷൻ ബ്ലേഡ്'</u>

*163 ശ്രീ. ബി. സത്യൻ
,, ജി. സുധാകരൻ
,, ബാബു എം. പാലിശ്ശേരി
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത ബ്ലേഡ് - ഭൂമാഫിയകളുടെ പ്രവർത്തനം വ്യാപിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനിടയായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) അനധികൃത പണമിടപാടുകാരും ഭൂമാഫിയകളും ഗുണ്ടകളും തമ്മിലുള്ള അവിശുദ്ധ സഖ്യങ്ങൾ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതിനെ ഫലപ്രദമായി നിയന്ത്രിക്കാൻ തയ്യാറാകുമോ ;

(സി) 'ഓപ്പറേഷൻ ബ്ലേഡ്' ന്റെ ഭാഗമായി മൊത്തം എത്ര റെയ്ഡുകൾ നടത്തുകയുണ്ടായി ; റെയ്ഡിൽ വെളിപ്പെട്ട വിവരങ്ങളും അനധികൃത പണമിടപാട് കേന്ദ്രങ്ങളിൽ നിന്ന് കണ്ടെത്താൻ കഴിഞ്ഞ മൊത്തം പണം സംബന്ധിച്ച വിവരങ്ങളും വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സമരങ്ങൾ അടിച്ചമർത്തുന്ന നടപടി</u>

*164 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, എളമരം കരീം
,, എ. പ്രദീപ് കുമാർ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനവിരുദ്ധ നിലപാടുകൾക്കും നടപടികൾക്കും എതിരെയും വിവിധ ആവശ്യങ്ങൾ ഉന്നയിച്ചും സംസ്ഥാനത്ത് വിവിധ ജനവിഭാഗങ്ങൾക്ക് സമരം ചെയ്യേണ്ടി വരുന്നതായി സർക്കാരിനറിയാമോ;

(ബി) ഇത്തരം സമരങ്ങളുണ്ടാകുമ്പോൾ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുന്നത് സർക്കാരിന്റെ നയമാണോ;

(സി) ജനകീയ സമരങ്ങളിൽ പങ്കെടുക്കുന്നവർക്കെതിരെ പോലീസിനെ ഉപയോഗിച്ച് കള്ളക്കേസുകൾ എടുക്കുന്നതും നാടുകടത്തുന്നതും അറസ്റ്റു ചെയ്തു ജയിലിൽ അടയ്ക്കുന്നതും ജനാധിപത്യവിരുദ്ധമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് സമരങ്ങൾ നടന്ന കേന്ദ്രങ്ങളിൽ നിന്നായി പോലീസ് അറസ്റ്റു ചെയ്തു നീക്കപ്പെട്ടവർ എത്രയാണെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

പട്ടികജാതി - പട്ടികഗോത്ര വര്‍ഗ്ഗങ്ങള്‍ക്കെതിരെയുള്ള
അതിക്രമം തടയുന്നതിന് മൊബൈല്‍ സ്ക്വാഡുകള്‍

*165 ശ്രീ. വര്‍ക്കല കഹാര്‍
'' സണ്ണി ജോസഫ്
'' ഹൈബി ഈഡന്‍
'' ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി - പട്ടിക ഗോത്രവര്‍ഗ്ഗങ്ങളില്‍പ്പെട്ടവര്‍ക്ക് എതിരെയുള്ള അതിക്രമങ്ങള്‍ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി സ്പെഷ്യല്‍ മൊബൈല്‍ സ്ക്വാഡുകള്‍ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പോലീസ് സേനയിലെ എസ്.സി/എസ്.ടി വിഭാഗക്കാരുടെ സ്ഥാനക്കയറ്റ സാദ്ധ്യതകൾ</u>

*166 ശ്രീ. കെ.വി. വിജയദാസ്
,, എസ്. ശർമ്മ
,, പുരുഷൻ കടലുണ്ടി
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ എസ്.സി/എസ്.ടി വിഭാഗക്കാരുടെ സ്ഥാനക്കയറ്റ സാദ്ധ്യതകൾ തടയപ്പെടുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനിടയായ സാഹചര്യം പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണം</u>

*167 ശ്രീ. എ. റ്റി. ജോർജ്
,, റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട മലനിരകൾക്ക് ലഭിച്ച ലോകപൈതൃക പദവി നിലനിർത്തുന്നതിനും ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത്തരം പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

ഹെൽമറ്റ് ധരിച്ചുള്ള കുറ്റകൃത്യങ്ങൾ

*168 ശ്രീ. എൻ. ഷംസുദ്ദീൻ
,, പി. കെ. ബഷീർ
,, സി. മോയിൻകുട്ടി
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരുചക്രവാഹന യാത്രക്കാർക്ക് ഹെൽമറ്റ് നിർബന്ധമാക്കിയതോടെ ഹെൽമറ്റ് ധരിച്ചുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഹെൽമറ്റ് ധരിച്ചുള്ള ഗുണ്ടാ ആക്രമണങ്ങൾ, പിടിച്ചുപറി എന്നിവയിൽ ഏർപ്പെടുന്നവരെ തിരിച്ചറിയാൻ കഴിയാത്ത സ്ഥിതിവിശേഷം തരണം ചെയ്യാൻ നിർദ്ദേശങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സ്ഥിരമായി ഹെൽമറ്റ് ധരിക്കുന്നവർ നേരിടേണ്ടി വരുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>രഹസ്യഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ഇ-ഫയലിംഗ് സോഫ്റ്റ്‌വെയർ</u>

*169 ശ്രീ. എ. എം. ആരിഫ്
,, റ്റി. വി. രാജേഷ്
,, ബി. സത്യൻ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വകുപ്പുകളുടെ രഹസ്യഫയലുകൾ ഉൾപ്പെടെ കൈകാര്യം ചെയ്യുന്നതിന് ഇ-ഫയലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ അംഗീകരിച്ച് നടപ്പിലാക്കിയ നാഷണൽ ഇൻഫർമാറ്റിക് സെന്ററി(എൻ.ഐ.സി)ന്റെ സോഫ്റ്റ്‌വെയർ ഇ-ഫയലിംഗ് ഉപയോഗപ്രദമാണോ എന്നും സംസ്ഥാനത്ത് അത് ഉപയോഗിക്കാനുള്ള തീരുമാനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്നും അറിയിക്കുമോ;

(സി) സംസ്ഥാനത്തെ മറ്റേതെങ്കിലും സ്വകാര്യ സോഫ്റ്റ്‌വെയർ കമ്പനിയെ ഇ-ഫയലിംഗ് സോഫ്റ്റ്‌വെയറിനായി ആശ്രയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയെ എന്നും, ഇതു സംബന്ധമായ തീരുമാനം എടുത്തത് എപ്പോഴാണ് എന്നും, സർക്കാരിന്റെ ഏത് തലത്തിൽ ആണെന്നും, ഇത് സംബന്ധമായ കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ഡി) കേന്ദ്രത്തിൽ വിജയകരമായ സോഫ്റ്റ്‌വെയർ തിരസ്കരിക്കപ്പെട്ടത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>മെട്രോപോളിറ്റൻ പോലീസ് കമ്മീഷണറേറ്റ്</u>

*170 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രോപൊളിറ്റൻ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടംവരെയായി;

(ബി) പ്രസ്തുത കമ്മീഷണറേറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഇത് സംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളിലെ മരം മുറിക്കൽ

*171 ശ്രീ. ജെയിംസ് മാത്യു
'' വി. ചെന്താമരാക്ഷൻ
'' ബി. ഡി. ദേവസ്സി
'' കെ കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളിൽ നിന്ന് കോടിക്കണക്കിന് രൂപ വിലയുള്ള മരങ്ങൾ കൊള്ളയടിക്കപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കുമോ;

(ബി) തോട്ടങ്ങളിൽ നിന്ന് മരം മുറിക്കുമ്പോൾ സർക്കാരിലേക്ക് അടക്കേണ്ടുന്ന തറവിലയിൽ ഇളവ് വരുത്തുവാൻ ഹാരിസൺ കമ്പനി ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ;

(സി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2013 ഏപ്രിലിൽ വിളിച്ചു ചേർത്ത യോഗത്തിൽ ആയതുമായി ബന്ധപ്പെട്ട് ഉയർന്ന ആവശ്യം എന്തായിരുന്നു; വനം വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാട് എന്തായിരുന്നു;

(ഡി) പ്രസ്തുത യോഗത്തിൽ ക്ഷണിക്കപ്പെട്ടവരും പങ്കെടുത്തവരും ആരൊക്കെയായിരുന്നു; യോഗ തീരുമാനത്തിന്റെ അംഗീകരിച്ച യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം

*172 ശ്രീ. റ്റി. വി. രാജേഷ്
,, കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. നാരായണൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം സംസ്ഥാനത്ത് രാഷ്ട്രീയ പ്രതിയോഗികളെ നേരിടാൻ ഉപയോഗിക്കപ്പെടുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സാമൂഹ്യവിരുദ്ധ-മാഫിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കള്ളനോട്ടുകാർ, വ്യാജവാറ്റുകാർ, മയക്കുമരുന്നു കുറ്റവാളികൾ ഹവാല തട്ടിപ്പുകാർ എന്നിവരെ തടയാൻ ഈ നിയമം വഴി ഉദ്ദേശിക്കുന്നുണ്ടോ;

(സി) രാഷ്ട്രീയപാർട്ടികളുടെ പിക്കറ്റിംഗ്, പ്രകടനം, സമരങ്ങൾ, വസ്തു തർക്കങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കേസ്സുകൾ ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി കേസ്സെടുക്കുന്നുണ്ടോ;

(ഡി) ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഈ സർക്കാർ ഏറ്റെടുത്ത കേസ്സുകൾ എത്രയാണെന്നും, അപ്പീൽ തള്ളിപ്പോയവ എത്രയാണെന്നും, യുവജന/വിദ്യാർത്ഥി സംഘടനാ പ്രവർത്തനരംഗത്തുള്ളവർക്കെതിരെ എടുത്ത കേസ്സുകൾ എത്രയാണെന്നുമുള്ള കണക്കുകൾ ലഭ്യമാണോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടായ കുറ്റകൃത്യങ്ങൾ

*173 ശ്രീമതി കെ. കെ. ലതിക
ശ്രീ. പി. കെ. ഗുരുദാസൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിൽ ആഭ്യന്തരവകുപ്പ് പൂർണ്ണമായും പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ രംഗത്ത് പാളിച്ചകൾ ഉണ്ടെങ്കിൽ തിരുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ലൈംഗിക പീഡനങ്ങളുടെയും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളുടെയും പശ്ചാത്തലത്തിൽ പുതുതായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ മുഖ്യകാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഉണ്ടായ കുറ്റകൃത്യങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>വനപ്രദേശങ്ങളിലെ രൂക്ഷമായ വരൾച്ച</u>

*174 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. എസ്. സുനിൽ കുമാർ
,, മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിലൊന്നും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ വനഭാഗങ്ങളിൽ അതിരൂക്ഷമായ വരൾച്ച അനുഭവപ്പെടുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) വന്യമൃഗങ്ങൾ കൂടുതലായി നാടിറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വനാതിർത്തി ഗ്രാമങ്ങളിൽ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ജലത്തിന്റെ ദൗർലഭ്യവും വന്യമൃഗങ്ങളുടെ കാടിറങ്ങൽ രീതിയും സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ പഠനത്തിലൂടെ എന്തെല്ലാം കണ്ടെത്തിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>സ്ത്രീകളുടെ സുരക്ഷയ്ക്ക് നടപടികൾ</u>

*175 ശ്രീ. കെ. കെ. നാരായണൻ
ശ്രീമതി കെ. എസ്. സലീഖ
,, കെ. കെ. ലതിക
ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സുരക്ഷാകാര്യത്തിൽ പുതുതായി എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും സ്ത്രീകൾക്കെതിരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങളും വിശദമാക്കുമോ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുണ്ടായ അതിക്രമങ്ങളെ തുടർന്ന് ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>നിയമവാഴ്ചയുടെ തകര്‍ച്ചയ്ക്ക് വഴിയൊരുക്കുന്ന പ്രവര്‍ത്തനങ്ങള്‍</u>

*176 പ്രൊഫ. സി.രവീന്ദ്രനാഥ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ.സാജു പോള്‍
'' എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നീതിനിര്‍വ്വഹണത്തിന് പോലീസ് ജാതീയവും രാഷ്ട്രീയവുമായ മാനദണ്ഡങ്ങള്‍ വെച്ചുപുലര്‍ത്തുന്നതായുള്ള ആക്ഷേപങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഇത് പരിശോധിക്കാന്‍ തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കില്‍ തയ്യാറാകുമോ;

(സി) ഭരണഘടനാ സ്വാതന്ത്ര്യങ്ങള്‍ ധ്വംസിക്കപ്പെടുന്നതും, ജനാധിപത്യ വിരുദ്ധമായ അമിതാധികാര പ്രവണതയും, നിയമവാഴ്ചയുടെ തകര്‍ച്ചയ്ക്കിടയാക്കുമെന്ന കാര്യം അറിയാമോ;

(ഡി) എങ്കില്‍ നിയമബാഹ്യമായ ഘടകങ്ങള്‍ മാനദണ്ഡങ്ങളായി സ്വീകരിക്കപ്പെടാതിരിക്കാന്‍ പോലീസ് സേനയ്ക്ക് നിര്‍ദ്ദേശം നല്‍കാമോ?

## കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>മഴയുടെ തോത് കുറയുന്നത് സംബന്ധിച്ച് പഠനം</u>

*177 ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴയുടെ തോത് ഗണ്യമായി കുറയുന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠനത്തിന്റെ നിഗമനങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) ജലോപയോഗനിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കാൻ ഭരണതലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 17.06.2013-ലെ മറുപടിക്ക്

<u>മദ്യഷാപ്പുകൾക്ക് അനുമതി നല്കുന്നതിനുള്ള അധികാരം</u>

*178 ശ്രീ. കെ.എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ.എൻ.എ. ഖാദർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യഷാപ്പുകൾക്ക് അനുമതി നല്കുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കിക്കൊണ്ടുള്ള നിയമഭേദഗതിക്കുശേഷം സ്ഥിതിഗതികളിൽ ഉണ്ടായ മാറ്റത്തെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നല്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ അധികാരം നല്കുമ്പോഴുണ്ടായിരുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുഷ്കാന്തി കാണിക്കുന്നില്ലെന്നും അധികാരം ദുരുപയോഗം ചെയ്യുന്നു എന്നുമുള്ള ആവലാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് അനന്തരനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 17.06.2013-ലെ മറുപടിക്ക്

<u>പി.എസ്.സി. പരീക്ഷകൾക്ക് ക്വസ്റ്റ്യൻ ബാങ്ക്</u>

*179 ശ്രീ. സണ്ണി ജോസഫ്
,, കെ.ശിവദാസൻ നായർ
,, ഷാഫി പറമ്പിൽ
,, ആർ.സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന എഴുത്ത് പരീക്ഷകൾക്ക് ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കുവാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഉദ്യോഗാർത്ഥികളെ ആശയക്കുഴപ്പത്തിലാക്കുന്ന ചോദ്യങ്ങൾ ക്വസ്റ്റ്യൻ ബാങ്കിൽ ഉൾപ്പെടുത്താതിരിക്കുന്നതിന് ശ്രദ്ധിക്കുമോ;

(ഡി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**17.06.2013-ലെ മറുപടിക്ക്**

ഗോത്ര ജ്യോതി പദ്ധതി

*180 ശ്രീ. എം. പി. വിൻസെന്റ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗോത്ര ജ്യോതി പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പട്ടികവർഗ്ഗക്കാരായ യുവാക്കൾക്ക് തൊഴിൽ നൈപുണ്യത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 8.

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].